പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2009 — 17.12.2012 ൽ മറുപടിക്ക്

## കാര്യക്ഷമമായ നിയമനടത്തിപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്<br>'' വി.എം. ഉമ്മർ മാസ്റ്റർ<br>'' കെ.എം. ഷാജി<br>'' കെ.എൻ.എ. ഖാദർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടും പോലീസിന്റെ സേവനം ഉദ്ദേശിച്ച രീതിയിൽ ജനങ്ങൾക്ക് ലഭ്യമാകാതിരിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരമൊരു വിശകലനം നടത്തുമോ; | (എ) ക്രമസമാധാന പാലനം, കുറ്റാന്വേഷണം എന്നിവയിൽ മാത്രം ഒതുങ്ങാതെ ക്ഷേത്ര സുരക്ഷ, പരിസ്ഥിതി സംരക്ഷണം, സാമ്പത്തിക ക്രമക്കേടുകളുടെ അന്വേഷണം, ഗതാഗത നിയന്ത്രണം, വിദേശികളുടെ സുരക്ഷയും നിരീക്ഷണവും, വിനോദസഞ്ചാരികൾക്ക് ആവശ്യമായ സുരക്ഷ ഉറപ്പുവരുത്തൽ, മുതിർന്ന പൗരന്മാർക്കുള്ള സംരക്ഷണം, പീഡനങ്ങളിൽ ഇരകളാകുന്ന വനിതകളുടെ സംരക്ഷണം തുടങ്ങി ബഹുമുഖമായ പ്രവർത്തനങ്ങളിലൂടെ പൗരന്മാർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിന് കേരള പോലീസ് ശ്രമിച്ചുവരുന്നു. കോസ്റ്റൽ പോലീസ്, സുരക്ഷാ ബറ്റാലിയനുകൾ, ക്രൈംബ്രാഞ്ച്, ഹൈവേ പോലീസ്, ട്രാഫിക് പോലീസ്, ജുവനൈൽ യൂണിറ്റുകൾ, സ്പെഷ്യൽ ബ്രാഞ്ച്, ആന്റി പൈറസി സെൽ, ആഭ്യന്തര സുരക്ഷാവിഭാഗം, റാപ്പിഡ് റെസ്പോൺസ് ഫോഴ്സ് എന്നീ വിവിധ വിഭാഗങ്ങളിലായി കേരളപോലീസ് വ്യത്യസ്ത മേഖലകളിൽ സേവനം നൽകുന്നുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം, കടലോര ജാഗ്രതാ സമിതി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് & കമ്മിറ്റി, ജനമൈത്രി എന്നിവ കേരള പോലീസിന്റെ സജീവമായി ഇടപെടലോ |

ടുകൂടി വിജയകരമായി നടത്തിവരുന്ന സാമൂഹ്യ സംരംഭങ്ങളാണ്. ആധുനിക വാർത്താവിനിമയ സൗകര്യങ്ങൾ, കമ്പ്യൂട്ടർ സംവിധാനം, വാഹനങ്ങൾ, ഫോറൻസിക് ലബോറട്ടറി സംവിധാനങ്ങൾ എന്നിവ പോലീസിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനായി ലഭ്യാക്കിയിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാനിയമപ്രകാരം കൈകാര്യം ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ ജനസംഖ്യാനുപാതത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. എഴുതി ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്ന കാര്യത്തിലും കേരളം മുൻപന്തിയിലാണ്. അഖിലേന്ത്യാ നിലവാരത്തിലെ കണക്കനുസരിച്ച് കേരള പോലീസിലെ മാനവ വിഭവശേഷി താരതമ്യേന കുറവാണ്. ഇതുമൂലം നിലവിലുള്ള ഉദ്യോഗസ്ഥർക്ക് ജോലിഭാരം കൂടുതൽ അനുഭവപ്പെടുന്നുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ഏതാനും വർഷങ്ങളായി ഇന്ത്യയിൽ ഏറ്റവും നല്ല ക്രമസമാധാന നില നിൽക്കുന്ന സംസ്ഥാനമാണ് കേരളം. പോലീസിന്റെ പ്രവർത്തനത്തെക്കുറിച്ച് സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ പഠനം നടത്തുന്നുണ്ട്.

(ബി) ബഹു: സുപ്രീം കോടതിയുടെ ഇടപെടലുണ്ടായിട്ടും നിലവിലെ നിയമങ്ങൾ പ്രത്യേകിച്ച് റോഡ്, വാഹനനിയമങ്ങൾ പഴുതുകളില്ലാതെ നടപ്പാക്കാനാവുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) നിയമ നടത്തിപ്പ് കാര്യക്ഷമവും നിഷ്പക്ഷവുമാക്കുന്നതിന് സഹായകരമാവുന്ന വിധത്തിലുള്ള സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി) യും (സി) യും റോഡ് നിയമങ്ങൾ, വാഹന നിയമങ്ങൾ എന്നിവ സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കുവാൻ ശ്രമിക്കുമ്പോൾ വാഹന ഉടമകൾ, മാധ്യമങ്ങൾ എന്നിവ പരാതികളും എതിർപ്പുകളുമായി രംഗത്തുവരുന്നത് പലപ്പോഴും ഉദ്യോഗസ്ഥരെ നിർവീര്യമാക്കാറുണ്ട്. 20 വർഷം മുമ്പ് 6.5 ലക്ഷം വാഹനങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ ഏകദേശം 74 ലക്ഷത്തോളം വാഹനങ്ങൾ കേരളത്തിലുണ്ട്. എന്നാൽ നിയമങ്ങൾ നടപ്പിലാക്കേണ്ട ട്രാഫിക് പോലീസിന്റെ എണ്ണം ആനുപാതികമായി വർദ്ധിച്ചിട്ടില്ല. നിയമനടത്തിപ്പ് കാര്യക്ഷമവും നിഷ്പക്ഷവും ആക്കുന്നതിനായി നിരീക്ഷണ

ക്യാമറ, ആൽക്കോമീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് നിയമലംഘനങ്ങൾ കണ്ടെത്തി ഉചിത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ